പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-3302 24.06.2013 ലെ മറുപടിയ്ക്ക്.

സർവ്വകലാശാലകളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു മുഖ്യ മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും അധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സിക്ക് വിടാൻ സർക്കാർ തീരുമാനമെടുത്തിട്ടും ഇനിയും അതു സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തതെന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടു കൊണ്ട് 18.12.2010 ലെ സ.ഉ.(എം എസ്) നം 393/2010 /ഉ.വി.വ., 04.02.2011 ലെ സ.ഉ.(എം. എസ്) നം.11/2011 / ഉ.വി.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് ഭരണഘടനയുടെ 321 -ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ( സർവ്വകലാശാലകളെ സംബന്ധിക്കുന്ന കൂടുതൽ ചുമതലകൾ) ആക്ട് എന്ന പേരിൽ ഒരു പ്രത്യേക നിയമ നിർമ്മാണം ആവശ്യമാണ്. കൂടാതെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ആക്ടുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനായുള്ള കരട് ബില്ല് നിയമ വകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ